ഉത്തരം

(എ) 23 (ഇരുപത്തിമൂന്ന്)

(ബി) 497 നാനൂറ്റി തൊണ്ണൂറ്റി ഏഴ്)

(സി) 1965 (ആയിരത്തി തൊള്ളായിരത്തി അറുപത്തി അഞ്ച്)

(ഡി) 382 (മുന്നൂറ്റി എൺപത്ത രണ്ട്)

(ഇ) 23 കോളനികൾ റോഡ് സൗകര്യം ഉണ്ട്. 15 കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും ലഭ്യമാണ്.

(എഫ്-ജി) വിവരം ശേഖരിച്ചുവരുന്നു.

അയിലംകടവ് ശുദ്ധജല പദ്ധതിക്ക് ആവശ്യമായ സ്ഥലം വിട്ടുകൊടുക്കുന്നതിന് നടപടി

127 (4735) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതിയായ അയിലംകടവ് ശുദ്ധജല പദ്ധതിക്കായി നിർമ്മിക്കേണ്ട ടാങ്ക് സ്ഥാപിക്കുന്നതിനുവേണ്ടി വേങ്ങോട് പട്ടികജാതി കോളനിയിൽ നിന്നും തരിശു ഭൂമി ലഭ്യമാക്കാത്തതുമൂലം പദ്ധതി സ്തംഭനത്തിലായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കോളനിയിൽ നിന്നും സർക്കാർ ആവശ്യങ്ങൾക്കായി ഇതുവരെ എത്ര സെന്റ് ഭൂമി മറ്റു ഡിപ്പാർട്ടുമെന്റുകൾക്ക് വിട്ടുകൊടുത്തിട്ടുണ്ട് ;

(സി) ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ടാങ്ക് നിർമ്മാണത്തിനാവശ്യമായ സ്ഥലം സർക്കാരിന് വിട്ടു കൊടുക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഇ) അയിലംകടവ് പദ്ധതിക്കാവശ്യമായ സ്ഥലം അടിയന്തരമായി സർക്കാരിന് വിട്ടുകൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുടിവെള്ള പദ്ധതിക്ക് സ്ഥലം നൽകാമെന്ന് ഈ വകുപ്പ് സമ്മതിക്കുകയും മേൽനടപടിക്കായി റവന്യൂ വകുപ്പിന് 22-10-2001-ൽ ഈ വകുപ്പിന്റെ ഫയൽ കൈമാറുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പ് ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് കാത്തിരിക്കുകയാണെന്നാണ് അറിയാൻ കഴിഞ്ഞത്.

(ബി&സി) ഈ കോളനിയിൽ നിന്നും ഇതുവരെ മറ്റു വകുപ്പുകൾക്ക് ഭൂമി വിട്ടുകൊടുത്തിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ ഈ വകുപ്പിലെ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇക്കാര്യം റവന്യൂ വകുപ്പിൽ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly